**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *103 | 08.02.2013-ൽ മറുപടിയ്ക്ക്

## റോഡ് അപകടമൊഴിവാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മാത്യൂ.റ്റി.തോമസ്**<br>**ശ്രീമതി ജമീലാ പ്രകാശം**<br>**ശ്രീ. ജോസ് തെറ്റയിൽ**<br>**,, സി.കെ.നാണു** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

(എ) എൻ.എച്ച്, പി.ഡബ്ല്യൂ.ഡി റോഡുകളിൽ സ്ഥിരമായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) അപകടങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ റോഡുവികസനമോ മറ്റ് അനുബന്ധ പ്രവർത്തനങ്ങളോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 50 മേഖലകൾ ഇതിനോടകം പുനരുദ്ധരിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ഒരു കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ദേശീയ പാതാ വിഭാഗത്തിൽ വളവുകൾ നിവർത്തുന്നതിനും റോഡു വീതി കൂട്ടുന്നതിനും സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും നടപടികൾ എടുക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ ഹ്രസ്വകാല പരിഹാരമെന്ന നിലയിൽ അപകടമേഖലകളിൽ സൈൻ ബോർഡ്, റിഫ്ളക്ടർ, റബിൾ സ്ട്രിപ്പ് മുതലായവ സ്ഥാപിച്ചുവരുന്നു. ബ്ലാക്ക് സ്പോട്ടുകൾ തെരഞ്ഞെടുത്ത് മുന്നറിയിപ്പ് ബോർഡുകളും, സീബ്രാലൈനും, റോഡ് സ്റ്റഡുകളും റിഫ്ലക്റ്ററുകളും സ്ഥാപിച്ചുവരുന്നു.

| | | |
|---|---|---|
| (സി) | എൻ.എച്ച്, പി.ഡബ്ല്യു.ഡി റോഡു കളിലും മറ്റും മുന്നറിയിപ്പ് ബോർഡുകളും, റിഫ്ളക്ടറുകളും സ്ഥാപിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | **(സി) & (ഡി) :**<br>ഉണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കു ന്നതിനായി PWD റോഡുകളിലെ സേഫ്റ്റി ആഡിറ്റ് നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതാ റോഡു കളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡു കളും റിഫ്ലക്ടറുകളും സ്ഥാപിച്ചിട്ടുണ്ട്.<br>കൂടാതെ കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽപ്പെടുത്തി 254 കി.മീ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യും, 1156 കി.മീ ദൈർഘ്യമുള്ള 53 റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്ത റോഡുകളിലും എല്ലാവിധ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ചെയ്ത് റോഡ് അപകടങ്ങൾ കുറച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി രണ്ടാംഘട്ടത്തിൽ 363 കി.മീ ദൈർഘ്യമുള്ള 6 റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ റോഡുസുരക്ഷ ക്രമീകരണം ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യു ന്നതാണ്. കെ.എസ്.റ്റി.പി ഒന്നാം ഘട്ടത്തിൽ പൂർത്തിയായതും രണ്ടാം ഘട്ടത്തിൽ റോഡു സുരക്ഷാ പദ്ധതിയിൽ സേഫ് കോറിഡോർ പൈലറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴക്കൂട്ടം - തൈക്കാട് - കൊട്ടാരക്കര - അടൂർ റോഡ് (77 കി.മി) ലോകബാങ്ക് സഹായ ത്തോടുകൂടി പൈലറ്റ് പദ്ധതിയായി നടപ്പിലാ ക്കുന്നതാണ്. ഇതിനുവേണ്ടി പോലീസ്, ട്രാൻസ്പോർട്ട്, വിദ്യാഭ്യാസം, ആരോഗ്യം പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയമിച്ചിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ കൂടുതൽ റോഡ് സേഫ്റ്റി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്ന തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാ മോ ? | |

**സെക്ഷൻ ഓഫീസർ**